2976
13/8/12

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

മഉവ - അന്യസംസ്ഥാനങ്ങളിൽ നിന്നും കേരള തീരത്തിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾക്ക് യൂസർഫീ ഈടാക്കുന്നതിനും കേരളത്തിലെ ബോട്ടുടമകളിൽ നിന്നും ഇൻബോർഡ് വള്ളങ്ങളുടെ ഉടമകളിൽ നിന്നുമുള്ള അംശാദായതുകയ്ക്ക് ഇളവ് നൽകിയും തുക അടയ്ക്കുന്നതിന് സമയപരിധി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(കൈ) നം. 66/12/മഉവ. തിരുവനന്തപുരം, തീയതി 09.08.12.

=====================================================================

പരാമർശം :- 1) 19.05.07 ലെ സ.ഉ.(സാധാ)നം. 318/07/മഉവ നമ്പർ ഉത്തരവ്.

2) ബഹു.ഫിഷറീസും തുറമുഖവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.06.12 ന് കൂടിയ യോഗത്തിലെ തീരുമാനങ്ങൾ.

3) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 04.07.12 ലെ എ 3-1601/12 നം. കത്തും 09/07/12 ലെ എ 3-2844/12 നമ്പർ കത്തും.

## ഉത്തരവ്

1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം വിവിധ ഇനം മത്സ്യബന്ധനയാനങ്ങളുടെ ഉടമകൾ മത്സ്യതൊഴിലാളികളുടെ ക്ഷേമ പ്രവർത്തനം നടത്തുന്നതിന് മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക്, സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിൽ വിഹിതം അടക്കേണ്ടതുണ്ട്. 1986-ൽ മത്സ്യബോർഡ് നിലവിൽ വരുകയും ടി ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരം വിവിധയിനം യാന ഉടമകളിൽ നിന്നും വിഹിതം ഈടാക്കുകയും ചെയ്തു വരുന്നു. പരാമർശം 1ലെ ഉത്തരവ് പ്രകാരം കേരളത്തിൽ മത്സ്യബന്ധനം നടത്തുന്ന എല്ലാ യാനങ്ങളും ഒരു മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്നും ലൈസൻസ് എടുക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. കൂടാതെ എല്ലാ യാനങ്ങളും തൊട്ട് മുമ്പുള്ള 3 വർഷത്തെ (2004-05, 05-06, 06-07) വിഹിതം അടച്ചിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2) പരാമർശം 3 ലെ കത്തുപ്രകാരം ഇൻബോർഡ് വള്ളം ഉടമകളുടെ നിലവിലുള്ള അംശദായ നിരക്ക് ഇളവ് വരുത്തുവാനും നിലവിലുള്ള നിരക്കിൽ വിഹിതമടച്ചിട്ടുള്ളവർക്ക് അധികമായി അടച്ചിട്ടുള്ള തുക വരും വർഷത്തെ വിഹിതത്തിൽ ക്രമപ്പെടുത്തണമെന്നും ക്ഷേമനിധി ബോർഡ് കമ്മീഷണർ അഭ്യർത്ഥിച്ചു.

3) പരാമർശം 2-ലെ യോഗതീരുമാനങ്ങളുടെയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരാമർശം 3 ലെ കത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരള തീരത്തിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾക്ക് 3 മാസത്തേയ്ക്ക് 15,000 രൂപ യൂസർ ഫീ ആയി നൽകേണ്ടതാണ്.

b) സംസ്ഥാനത്തെ ബോട്ടുകളുടേയും ഇൻബോർഡ് വള്ളങ്ങളുടെയും ഉടമകളുടെ പ്രതിമാസ അംശദായ നിരക്ക് നിലവിലുള്ള 1250 രൂപയിൽ നിന്നും 1000 രൂപ ആയി ഇളവ് വരുത്തുന്നു. അംശദായം അടയ്ക്കേണ്ട കാലാവധി 12 മാസത്തിൽ നിന്നും 9 മാസമായും നിജപ്പെടുത്തുന്നു.

c) ബോട്ടുടമകളും ഇൻബോർഡ് വള്ളങ്ങളുടെ ഉടമകളും അടയ്ക്കേണ്ട അംശദായ കുടിശ്ശികയുടെ 50% 2012 ഓഗസ്റ്റ് 31 മുമ്പ് അടയ്ക്കേണ്ടതാണ്. ബാക്കി കുടിശ്ശിക 2013 മാർച്ച് 31 ന് മുമ്പായി അടച്ച് തീർക്കേണ്ടതാണ്. 2013 മാർച്ച് 31 ന് മുമ്പായി കുടിശ്ശിക അടച്ച് തീർക്കാത്തവരുടെ രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതില്ല.

5) ഇക്കാര്യം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജയിംസ് വർഗ്ഗീസ്

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം പി.ഒ., തൃശ്ശൂർ.
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (vide item No. )
ധനകാര്യ വകുപ്പ് (UO(N)No.69758/PUCI/12/fin തീയതി 4.08.12)
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, നിയമസഭാ സെക്രട്ടറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ